# കേരളസർവകലാശാല

നം.പി.ആർ.162/2023 തിരുവനന്തപുരം, തീയതി: 10/08/2023

# പത്രക്കുറിപ്പ്

## സൂക്ഷ്മപരിശോധന

കേരളസർവകലാശാലയുടെ ബി.എ. പാർട്ട് III മെയിൻ ആന്റ് സബ്സിഡിയറി, ആഗസ്റ്റ് 2022 പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡും ഹാൾടിക്കറ്റുമായി 2023 ആഗസ്റ്റ് 11 മുതൽ 18 വരെയുള്ള പ്രവർത്തി ദിനങ്ങളിൽ റീവാല്യുവേഷൻ ഇ.ജെ. V (അഞ്ച്) സെക്ഷനിൽ ഹാജരാകേണ്ടതാണ്.

## പ്രോജക്ട് ഇവാല്യുവേഷൻ/വൈവ

കേരളസർവകലാശാലയുടെ എട്ടാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പഞ്ചവത്സര ബി.കോം./ബി.ബി.എ.എൽ.എൽ.ബി. ജൂലായ് 2023 പരീക്ഷയുടെ പ്രോജക്ട് ഇവാല്യുവേഷനും വൈവയും 2023 സെപ്റ്റംബർ 7 മുതൽ ആരംഭിക്കുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

## കേരളസർവകലാശാലയുടെ ഒന്നാം വർഷ ബി.എഡ്. പ്രവേശനം 2023 സപ്ലിമെന്ററി അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു.

കേരളസർവകലാശാലയുടെ 2023-24 അധ്യയന വർഷത്തിലെ ഒന്നാം വർഷ ബി.എഡ്. പ്രവേശനത്തിനുള്ള സപ്ലിമെന്ററി അലോട്ട്മെന്റ് വെബ്സൈറ്റിൽ (https://admissions.keralauniversity.ac.in/b.ed2023/) പ്രസിദ്ധീകരിച്ചു. അപേക്ഷകർക്ക് അപേക്ഷാ നമ്പറും പാസ്സ്‌വേർഡും ഉപയോഗിച്ച് പ്രൊഫൈലിൽ ലോഗിൻ ചെയ്ത് അലോട്ട്മെന്റ് പരിശോധിക്കാവുന്നതാണ്. അലോട്ട്മെന്റ് ലഭിച്ചവർ ആഗസ്റ്റ് പതിനൊന്നാം തീയതിക്കുള്ളിൽ തന്നെ നിശ്ചിത സർവകലാശാല ഫീസ് ഓൺലൈനായി ഒടുക്കേണ്ടതാണ്. അലോട്ട്മെന്റ് ലഭിച്ച് ഓൺലൈനായി ഫീസ് അടച്ച അപേക്ഷകർ അവരവരുടെ പ്രൊഫൈലിൽ ലോഗിൻ ചെയ്ത ശേഷം അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റ് എടുക്കാവുന്നതാണ്. അലോട്ട്മെന്റ് ലഭിച്ച കോളേജ്, കോഴ്സ്, കാറ്റഗറി, അഡ്മിഷൻ തീയതി എന്നിവ അലോട്ട്മെന്റ് മെമ്മോയിൽ ലഭ്യമാക്കിയിട്ടുണ്ട്. മെമ്മോയിൽ പറഞ്ഞിരിക്കുന്ന തീയതികളിൽ യോഗ്യത തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകൾ സഹിതം കോളേജിൽ ഹാജരായി അഡ്മിഷൻ എടുക്കേണ്ടതാണ്. ഏതെങ്കിലും കാരണത്താൽ നിശ്ചിത തീയതിക്കോ സമയത്തിനുള്ളിലോ കോളേജിൽ ഹാജരാകാൻ സാധിക്കാത്തവർ അതാത് കോളേജിലെ പ്രിൻസിപ്പലുമായി ബന്ധപ്പെടേണ്ടതാണ്.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:**For queries**helpdesk@keralauniversity.ac.in**
**website: www.keralauniversity.ac.in**

| |
|---|
| **University information is available on 9188526670, 9188526671, 9188526674, 9188526675**<br>**Whats App No. 8547330240** |